## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2978** **22.02.2016 ൽ മറുപടിയ്ക്ക്**

# കാർഷിക വിളകളുടെ താങ്ങുവില

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്. രാജേന്ദ്രൻ : | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്ത് ഏതൊക്കെ കാർഷിക വിളകളുടെ താങ്ങുവിലയാണ് വർദ്ധിപ്പിച്ചത് എന്ന് വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്തെ കാർഷിക വിളകളിൽ നെല്ലിനും നാളികേരത്തിനുമാണ് കേന്ദ്രസർക്കാർ താങ്ങുവില വർദ്ധിപ്പിച്ചത്. |
| (ബി) നാണ്യ വിളകളുടെ താങ്ങുവില വർദ്ധിപ്പിക്കാനായി സ്വീകരിച്ച മാനദണ്ഡങ്ങളും നടപടികളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) സംസ്ഥാനത്തെ നാണ്യവിളകളിൽ കേന്ദ്രസർക്കാർ താങ്ങുവില പ്രഖ്യാപിക്കുന്നത് നാളികേരത്തിനാണ്. സംസ്ഥാന കാർഷിക വില നിർണ്ണയ ബോർഡ് മുഖേനയാണ് നാളികേരത്തിന്റെ ഉല്പാദനച്ചെലവിന്റെ അടിസ്ഥാനത്തിൽ ഓരോ വർഷവും കേന്ദ്ര കാർഷിക വില നിർണ്ണയ ബോർഡിലേക്ക്, നാളികേരത്തിന്റെ താങ്ങുവില വർദ്ധിപ്പിക്കുന്നതിനുള്ള ശുപാർശകൾ സമർപ്പിക്കുന്നത്. |
| (സി) കഴിഞ്ഞ അഞ്ചു വർഷത്തിൽ ഓരോ വർഷവും ഏതെല്ലാം നാണ്യവിളകൾ എന്ത് മാത്രം വിലയ്ക്ക സംഭരിക്കുകയുണ്ടായി; ഓരോ വർഷവും സംഭരിച്ചതിന്റെ കണക്കുകൾ നാണ്യവിളകളുടെ അടിസ്ഥാനത്തിൽ വിശദമാക്കുമോ? | (സി) കേന്ദ്ര സർക്കാരിന്റെ താങ്ങുവില പദ്ധതി പ്രകാരം കേരഫെഡും മാർക്കറ്റ്ഫെഡും കഴിഞ്ഞ വർഷങ്ങളിൽ സംഭരിച്ച കൊപ്രയുടെ കണക്കുകൾ ചുവടെ ചേർക്കുന്നു. |

| വർഷം | കേരഫെഡ് സംഭരിച്ച കൊപ്ര (ക്വിന്റൽ) | മാർക്കറ്റ്ഫെഡ് സംഭരിച്ച കൊപ്ര (ക്വിന്റൽ) |
|---|---|---|
| 2010-11 | 57639.00 | 21618.00 |
| 2011-12 | -- | 72870.00 |
| 2012-13 | 106652.00 | 255.00 |
| 2013-14 | 185.00 | -- |
| 2014-15 | -- | -- |

ഇതിനു പുറമെ മാർക്കറ്റ് വിലയേക്കാൾ ഉയർന്ന വില നൽകി കർഷകരിൽ നിന്നും നേരിട്ട് കൃഷിഭവനുകൾ വഴി നാളികേരം സംഭരിക്കുന്ന പദ്ധതി 2013 ജനുവരി മുതൽ കൃഷി വകുപ്പും കേരഫെഡും സംയുക്തമായി നടപ്പിലാക്കിവരുന്നു. ഒരു കിലോ നാളികേരത്തിന് 14 രൂപ നിരക്കിലാണ് സംഭരണം ആരംഭിച്ചതെങ്കിലും ഇപ്പോൾ സംഭരിക്കുന്നത് കിലോയ്ക്ക് 25 രൂപ നിരക്കിലാണ്. സംഭരിച്ച നാളികേരത്തിന്റെ കണക്ക് ചുവടെ ചേർക്കുന്നു.

| വർഷം | സംഭരിച്ച നാളികേരം (ക്വിന്റൽ) |
|---|---|
| 2012-13 | 60230.00 |
| 2013-14 | 323050.00 |
| 2014-15 | 99000.00 |
| 2015-16 (12.02.2016 വരെ) | 372810.00 |

**സെക്ഷൻ ഓഫീസർ**